




# Anto Vattakuzhy CMI

## Funeral Homily (Bharathamatha, Palakkad, 1 June 2021)

പ്രിയ ബഹുമാനപ്പെട്ട വികാരി ജനറാൾ ജോസി താമരശ്ശേരി അച്ചാ, പ്രൊവിൻഷ്യാൾമാരായ സാജു ചക്കാലക്കലച്ചാ, ഡേവീസ് പനക്കലച്ചാ, ബഹുമാനപ്പെട്ട വൈദികരെ, വിനീതച്ചൻെറ കുടുംബാംഗങ്ങളെ, ഇന്നത്തെ കർമ്മങ്ങളിൽ ഓൺലൈനിൽ കൂടുകയും, സാന്നിധ്യംകൊണ്ടും പങ്കെടുത്തുകൊണ്ടിരിക്കുന്ന സ്നേഹമുള്ളവരെ,

എവിടെ തുടങ്ങണം, എങ്ങിനെ തുടങ്ങണമെന്ന് എനിക്കറിഞ്ഞുകൂടാ. കാരണം, വിനീതനായ, വിജ്ഞാനിയായ, വിശുദ്ധനായ വിനീതച്ചനെക്കുറിച്ച്, ആ മഹത്വ്യക്തിത്വത്തെക്കുറിച്ച് എന്തൊക്കെയാണ് പങ്കുവെക്കേണ്ടതെന്ന് ഒരു എത്തും പിടിത്തവും കിട്ടുന്നില്ല. അത്രമാത്രം ആഴമേറിയ ജീവിതാനുഭവങ്ങളാണ് എനിക്കുള്ളത്.

2021 ഏപ്രിൽ 12-ാം തീയതിയാണ് വിനീതച്ചനെ ഞാൻ അവസാനമായി നേരിൽ കാണുന്നത്. 8-ാം തീയതി മുതൽ 12-ാം തീയതി വരെ ഞാൻ കേരളത്തിലുണ്ടായിരുന്നു. ഈ ദിവസങ്ങളിൽ മൂന്നു തവണ ഞാൻ വിനീതച്ചനെ കാണുവാൻ മണ്ണുത്തി പ്രേഷിതാരാമിൽ പോയിരുന്നു. 12-ാം തീയതി രാവിലെ വിനീതച്ചൻെറ അനുജൻെറ മകൻ ആക്റ്റോയും ഞാനും കൂടെ അച്ചൻെറ മുറിയിൽ ചെന്നു. കിടക്കുന്ന വിനീതച്ചൻ എന്നെ കണ്ടപ്പോൾ ഒരുപാട് സന്തോഷവാനായി. പക്ഷേ, വാക്കുകൾ കൊണ്ട് അത് പ്രകടിപ്പിക്കാൻ വളരെയധികം ബുദ്ധിമുട്ടുന്ന വിനീതച്ചനെയാണ് എനിക്കു കാണാൻ കഴിഞ്ഞത്. കുറച്ചു നേരം വിനീതച്ചൻെറ കൈ പിടിച്ചുനിന്നു, തലയിലും, നെഞ്ചിലും ഞാൻ കൈവെച്ചു പ്രാർത്ഥിച്ചു. വിനീതച്ചൻെറ കണ്ണിൽ നിന്ന് ഒരിറ്റു കണ്ണുനീർ വീണു. അച്ചന് എന്നോടു എന്തൊക്കെയോ പറയണമെന്നുണ്ട്. പക്ഷേ, സാധിക്കുന്നില്ല; വാക്കുകൾ വരുന്നില്ല കുറച്ചുനേരം കണ്ണുകൾ പരസ്പരം നോക്കി നിന്നു. ഞാൻ ബാംഗ്ളൂരിലേക്കു തിരിച്ചുപോകുകയാണെന്ന് പറഞ്ഞപ്പോൾ കൈവീശി. ഒരു പക്ഷേ, ഇതു നമ്മുടെ അവസാനത്തെ കൂടിക്കാ





ഴ്ചയായിരിക്കും എന്ന സന്ദേശമാണ് ആ കൈവീശലിൽ കൂടെ എനിക്കു ലഭിച്ചത്. മെയ് 15–ാം തീയതി വിനീതച്ചന്റെ 86–ാം ജന്മദിനമായിരുന്നു. അന്ന് രാവിലെ മണ്ണുത്തിയിലുള്ള നമ്മുടെ പ്രതാപച്ചൻ വാട്സപ്പ് വീഡിയോയിൽ വിളിച്ചു. ഫോൺ വിനീതച്ചനു ഒന്നു കൊടുക്കാമോ എന്ന് ചോദിച്ചു. പ്രതാപച്ചൻ ഫോൺ കൊടുത്തുവെങ്കിലും, വിനീതച്ചനു വാക്കുകൾകൊണ്ട് ഒന്നും പറയാൻ സാധിക്കുന്നില്ല. വീണ്ടും കൈവീശികൊണ്ട് ഞാൻ എല്ലാം അറിയുന്നു. അച്ചന്റെ ബെർത്ത്ഡേ ഗ്രീറ്റിംങ്ങ് ഞാൻ സ്വീകരിച്ചിരിക്കുന്നു. ഒത്തിരി നന്ദിയുണ്ട്, പ്രാർത്ഥിക്കണെമെന്നുള്ള സന്ദേശമായിരുന്നു അത്. അതിനുശേഷം ഓരോ നിമിഷവും വിനീതച്ചന്റെ നില വഷളായികൊണ്ടിരിക്കുകയായിരുന്നു. ശാരീരികമായി ഒരുപാട് ബുദ്ധിമുട്ടുകൾ. വിനീതച്ചനെ രാജഗിരി ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നതിനു മുമ്പ് അച്ചന്റെ സഹോദരൻ തോമസ് ചേട്ടനും, മകൻ ആക്റ്റോയും മുറിയിൽ ഉണ്ടായിരുന്നു. എന്നാൽ അവരെ തിരിച്ചറിയാൻ വിനീതച്ചനായില്ല. ആക്റ്റോ വിനീതച്ചനോട് പറഞ്ഞു: 'വിനീതച്ചാ, ഇത് ആന്റോച്ചനാണ്' എന്ന്. ഉടനെ വിനീതച്ചൻ ചുമരിൽ ഒരു വട്ടം വരച്ച് അതിന്റെ നടുക്ക് ഒരു കുത്തിട്ടു. ഇത് വട്ടക്കുഴിയല്ലേ... എന്ന് ആംഗ്യഭാഷയിലെ അച്ചന്റെ മറുപടിയായിരുന്നു അത്. ഇക്കാര്യം ആക്റ്റോ തന്നെയാണ് എന്നോട് പറഞ്ഞത്. അതെ, വിനീതച്ചനെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു മകനായിരുന്നു. എനിക്കും വിനീതച്ചൻ ഒരു അപ്പനായിരുന്നു എന്നതിൽ സംശയമില്ല.

ബാംഗ്ളൂർ ധർമ്മാരാമിൽ ആയിരുന്നപ്പോൾ വിനീതച്ചൻ 1986–ൽ തുടങ്ങിവെച്ച വിദ്യാവനം ആശ്രമത്തിന്റെ ആരംഭം മുതൽ 18 വർഷക്കാലം ഞങ്ങൾ ഇണങ്ങിയും, പിണങ്ങിയും ഒരു അപ്പനും മകനുമായി എല്ലാകാര്യങ്ങളിലും സഹകരിച്ച് ജീവിച്ചു. അതുകൊണ്ടുതന്നെ, പ്രൊവിൻഷ്യാൾ സാജു അച്ചൻ പറഞ്ഞതു പോലെ എനിക്കു വിനീതച്ചന്റെ ജീവിതത്തിൽ ഒരു പുത്രസ്ഥാനം ഉണ്ടായിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല. ആശ്രമത്തിലെവിനീതച്ചന്റെ മുറിയിലെ മേശപ്പുറത്തുണ്ടായിരുന്ന നാലഞ്ചു ഫോട്ടോകളിൽ ഒന്ന് എന്റേതായിരുന്നു. എപ്പോഴും ഓർക്കുന്നതിനും പ്രാർത്ഥിക്കുന്നതിനുമായിരുന്നു അത്. അതുകൊണ്ടുതന്നെ, അച്ചന്റെ ഓർമ്മ പൂർണ്ണമായി നശിക്കുന്നതിനുമുമ്പുവരെ, അച്ചൻ ഓർത്തിരുന്ന നാലഞ്ചുപേരുകളിൽ ഒന്ന് എന്റേതായിരുന്നു. ഇങ്ങനെ അച്ചനുമായി അഭേദ്യമായ ബന്ധമുണ്ടായിരുന്ന എനിക്ക് അച്ചൻ മരിച്ചുവെന്ന് ഉൾക്കൊള്ളാൻ വളരെ ബുദ്ധിമുട്ടായിരുന്നു. മരണവാർത്ത കേട്ടതു മുതൽ അച്ചനുമായുള്ള സഹവാസത്തിന്റെ പൂർവ്വകാലചിന്തകളും, സംഭവങ്ങളും മിന്നിമറയുകയായിരുന്നു. ഒരു സമാശ്വാസത്തിനുവേണ്ടി ഏതാനും ചിന്തകൾ പ്രൊവിൻസിന്റെ വാട്സപ്പ് ഗ്രൂപ്പിൽ പോസ്റ്റ്



ചെയ്തു. പക്ഷേ നമുക്കെല്ലാവർക്കുമറിയാം മനുഷ്യൻ ജനിച്ചാൽ ഒരിക്കൽ മരിക്കുമെന്ന്. അത് നാം അംഗീകരിച്ചേ മതിയാകൂ.

വിനീതച്ചൻ തൻെറ 86–ാം വയസ്സിൽ സ്നേഹത്തിൻെറ കൂട്ടായ്മയായ പരിശുദ്ധ ത്രിത്വത്തിൻെറ തിരുനാൾ ദിവസം തന്നെ ആ സ്നേഹത്തിൽ ഒന്നായി അലിഞ്ഞുചേർന്നു. നലംതികഞ്ഞ അദ്ധ്യാപകനായിരുന്ന വിനീതച്ചൻ പുതിയ അദ്ധ്യയന വർഷത്തിൻെറ ആദ്യദിനം ജൂൺ ഒന്നിനു തന്നെ നമുക്കു വലിയ ഒരു പാഠം നൽകികൊണ്ട്, സന്ദേശം നല്കികൊണ്ടാണ് നമ്മോടു പൂർണ്ണമായി വിട പറയുന്നത്. വിനീതച്ചൻെറ പേരു സൂചിപ്പിക്കുന്നതുപോലെ 'വിനീതം', അഹങ്കാരത്തിൽനിന്നും, അജ്ഞതയിൽ നിന്നും കടന്നവൻ, അങ്ങനെയുള്ള വ്യക്തി വിജ്ഞാനിയായിരിക്കും, നിസ്വാർത്ഥനായിരിക്കും, വിനീതനായിരിക്കും, നിഷ്ക്കളങ്കനായിരിക്കും, അതേ, ഇതാണ് നമുക്കു നല്കുന്ന പാഠം.

അച്ചൻെറ മരണവാർത്ത അറിഞ്ഞതുമുതൽ ഒത്തിരി പേർ വാട്സപ്പിൽ വിനീതച്ചൻ ആരായിരുന്നു, എന്തായിരുന്നുവെന്ന് തങ്ങളുടെ ജീവിതാനുഭവങ്ങളിൽനിന്ന് പങ്കുവയ്ക്കുകയുണ്ടായി. ഇന്നുതന്നെ കർമ്മങ്ങളുടെ ആരംഭത്തിൽ എം.സി. പോൾ തെക്കിനിയത്തച്ചൻ, പ്രൊവിൻഷ്യൽ സാജു ചക്കാലക്കലച്ചൻ, വികാരി ജനറാൾ ജോസി താമരശ്ശേരിയച്ചൻ എന്നിവർ പല കാര്യങ്ങൾ വിനീതച്ചനെപ്പറ്റി പറയുകയുണ്ടായി. എന്നു പറഞ്ഞാൽ എല്ലാവർക്കും പരിചയമുള്ള ഒരു വിനീതച്ചനുണ്ട്. രണ്ടു ഡോക്ടറേറ്റ്, അതും ഇംഗ്ളണ്ടിലെ ഓക്സ്ഫോർഡിൽ നിന്നും, റോമിലെ ഗ്രിഗോറിയനിൽ നിന്നും ദൈവശാസ്ത്രത്തിലും, തത്വശാസ്ത്രത്തിലും. അനേകവർഷത്തെ അദ്ധ്യാപനത്തിലൂടെ വലിയ ശിഷ്യസമ്പത്തുനേടിയ മികവുറ്റ അദ്ധ്യാപകൻ; തനിമയുള്ള (originality) ക്രൈസ്തവ–ഭാരതീയ സംസ്ക്കാരങ്ങളും, ആദ്ധ്യാത്മികതയും, വിശുദ്ധഗ്രന്ഥങ്ങളും പഠിച്ച് സ്വായത്തമാക്കിയ വലിയ ഒരു ആചാര്യൻ. ഒത്തിരി വായിക്കുകയും, എഴുതുകയും, പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്ത വ്യക്തി. ഒരുപാട് ഗ്രന്ഥങ്ങളും, ലേഖനങ്ങളും, ഗാനങ്ങളും, ഭജൻസും രചിച്ച ഗ്രന്ഥകർത്താവും. സ്വദേശത്തും വിദേശത്തുമായി വർഷങ്ങളോളം ധ്യാനിപ്പിച്ച് അനേകരുടെ മനസ്സിൽ ഇടംപിടിച്ച വ്യക്തിത്വം. ധർമ്മാരാം വിദ്യാക്ഷേത്രത്തിൻെറ പ്രസിഡൻറും, തത്വശാസ്ത്രവിഭാഗത്തിൻെറ ഡീനും, പല പ്രസിദ്ധീകരണങ്ങളുടെയും എഡിറ്ററും, ലോകത്തിൻെറ പല ഭാഗങ്ങളിൽ പല പ്രസ്ഥാനങ്ങളുടെയും അമരക്കാരിൽ ഒരുവനായും, കോയമ്പത്തൂർ പ്രൊവിൻസിൻെറ വികർ പ്രൊവിൻഷ്യാളായും, പ്രവശ്യാസംഘങ്ങളിലേയും, സി.എം.ഐ. പൊതുസംഘങ്ങളി ലേയും ഒഴിച്ചുകൂടാനാവാത്ത സാന്നിധ്യമായും വിളങ്ങിയ വിനീതച്ചൻ.



ബാംഗ്ളൂർ വിദ്യാവനം ആശ്രമത്തിന്റെ സ്ഥാപകനും ഭാരതീയപൂജ ഒരുക്കുന്നതിൽ ഒരുവനും, പല ഭവനങ്ങൾക്കും, കോഴ്സുകൾക്കും ഭാരതീയ നാമങ്ങൾ സംഭാവന ചെയ്തവൻ, സാധാരണക്കാരോടും, പാവങ്ങളോടും അനുകമ്പയും, കാരുണ്യവും കാണിച്ച വിനീതച്ചൻ. ഇങ്ങനെ നീളുന്നു വിനീത



ച്ചന്റെ ഓർമ്മകൾ പലരുടെയും മനസ്സിൽ. വിനീതച്ചന്റെ അഗാധമായ വ്യക്തിത്വത്തിൽ നിന്ന് ഉരുതിരിഞ്ഞ ഓരോരുത്തരുടെയും വ്യത്യസ്ഥമായ കാഴ്ചപ്പാടുകളാണിവ.

എന്നാൽ എന്റെ ചിന്തകളും, അനുഭവങ്ങളും അതിനപ്പുറമാണ്. വി. യോഹന്നാന്റെ ഒന്നാം ലേഖനം തുടങ്ങുന്നത്: "ഞാൻ കേട്ടതും, സ്വന്തം കണ്ണുകൊണ്ട് കണ്ടതും, സൂക്ഷിച്ച് വീക്ഷിച്ചതും, കൈകൊണ്ടു സ്പർശിച്ചതുമായ കാര്യങ്ങളെക്കുറിച്ച് എഴുതുന്നു" വെന്ന് പറഞ്ഞുകൊണ്ടാണ്. വിനീതനായ വിനീതച്ചനെ, ശിശുതുല്യമായ നിഷ്കളങ്കതയുടെ പര്യായമായ, സത്യത്തിനും നീതിക്കുംവേണ്ടി നിലകൊണ്ട, മുഖം മൂടിയില്ലാത്ത, വിശുദ്ധിയും വിജ്ഞാനവും നിറഞ്ഞ, ഞാൻ അപ്പനുതുല്യം സ്നേഹിച്ച ആ മഹത് വ്യക്തിത്വത്തെ എന്റെ കാഴ്ചപ്പാടിൽ ഞാൻ വിവരിക്കാൻ ആഗ്രഹിക്കുന്നത് ഇപ്രകാരമാണ്.

## 1. പ്രാർത്ഥനയും മരിയ ഭക്തിയും നിറഞ്ഞ മനുഷ്യൻ

വിനീതച്ചൻ പ്രാർത്ഥനയുടെ ഒരു മനുഷ്യനായിരുന്നു. അനേകം മണിക്കൂറുകൾ ദൈവസന്നിധിയിൽ ചമ്രമ്പടിഞ്ഞിരുന്ന് ധ്യാനിക്കുമായിരുന്നു. സക്രാരിയിലേക്കും, ക്രൂശിത രൂപത്തിലേക്കും നോക്കി, അധരങ്ങളിൽ ചെറിയ ഒരു പുഞ്ചിരിയുമായി നിശ്ചലനായി സ്ഥിതപ്രജ്ഞനായി ഇരിക്കുന്ന വിനീതച്ചൻ എനിക്കു പ്രചോദനവും ഒരു ചോദ്യചിഹ്നവുമായിരുന്നു. പല ദിവസങ്ങളിലും ധ്യാനത്തിനിടയ്ക്ക് ഭക്ഷണം കഴിക്കുവാൻ പോകാനുള്ള സമയമായോ എന്ന് വാച്ചിൽ നോക്കികൊണ്ടിരുന്ന ഞാൻ എന്തേ എനിക്കു വിനീതച്ചനെപോലെ പ്രാർത്ഥിക്കുവാൻ സാധിക്കുന്നില്ല എന്ന് ചിന്തിക്കുമായിരുന്നു.

പല ദിവസങ്ങളിലും അച്ചൻ സന്ധ്യക്ക് 5.30 മുതലേ ചാപ്പലിൽ ഉണ്ടാകുമായിരുന്നു. ഞാൻ എത്തിയിരുന്നത് 6.30നും. ഭാരതീയ സംസ്ക്കാരവും, കർമ്മലീത്താ ചൈതന്യവും നിറഞ്ഞ വ്യക്തിത്വം. കുരിശിന്റെ വിശുദ്ധ യോഹന്നാന്റെയും വിശുദ്ധ



അമ്മത്രേസ്യായുടെയും വിശുദ്ധ കൊച്ചുത്രേസ്യായുടെയും വിശുദ്ധ ചാവറപിതാവിൻെറയും പ്രാർത്ഥനാശൈലിയും ആദ്ധ്യാത്മികതയും ആഴമായി പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്ത ഒരു ധ്യാനോപാസകനായിരുന്നു വിനീതച്ചൻ. പ്രാർത്ഥനയിലും, ക്ലാസുകളിലും തൻേറതായ ഒരു ശൈലി, തനിമ സ്വന്തമാക്കുവാൻ അച്ചനു സാധിച്ചു. ഞാൻ ഫിലിപ്പൈൻസിൽ പഠിക്കുന്ന വർഷങ്ങളിൽ വിനീതച്ചൻ അവിടെ വരുമായിരുന്നു. നമ്മുടെ സി.എം.ഐ. സഭാംഗങ്ങളായി ഉണ്ടായിരുന്ന അച്ചന്മാരുടെ കൂടെ (ഫാ. ജെയിംസ് മുട്ടിക്കൽ, ഫാ. ഒലീവർ ഇഞ്ചോടി, ഫാ. ജെയിംസ് തയ്യിൽ) വിനീതച്ചനും ഞാനും നീന്തൽകുളങ്ങളിലും കടലിലും കുളിക്കാൻ പോകുമായിരുന്നു. വെള്ളത്തിൽ അനേക സമയം നിശ്ചലനായി പൊങ്ങിക്കിടക്കുവാൻ (float) അച്ചന് കഴിയുമായിരുന്നു. കുരിശിൻെറ വിശുദ്ധ യോഹന്നാൻ പ്രാർത്ഥനയെക്കുറിച്ച് പറയുമ്പോൾ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഉദാഹരണമാണ് പറയാറുള്ളത്. തങ്ങളുടെ MThൻെറ Mysticism ക്ലാസുകൾ ആശ്രമത്തിൽ വെച്ചാണ് നടത്തിയിരുന്നത്. വിനീതച്ചൻ പ്രാർത്ഥനയെക്കുറിച്ച് പഠിപ്പിച്ചപ്പോൾ ദൈവത്തിൽ എങ്ങനെ float ചെയ്യണമെന്ന് പഠിപ്പിച്ചിരുന്നു. ഞാൻ പല തവണ വെള്ളത്തിൽ പൊങ്ങികിടക്കുവാൻ ശ്രമിച്ചെങ്കിലും പരാജയപ്പെടുകയും, വെള്ളം കുടിക്കുകയുമായിരുന്നു ചെയ്തിരുന്നത്. വാക്കുകളിൽ മാത്രം ഒതുങ്ങുന്ന ആദ്ധ്യാത്മികതയല്ല മറിച്ച് ജീവിച്ചുകാണിക്കുന്ന ആദ്ധ്യാത്മികതയായിരുന്നു വിനീതച്ചന്. അതുകൊണ്ട് തന്നെയായിരിക്കണം മണ്ണുത്തി ആശ്രമത്തിൽ വെച്ച് വിനീതച്ചൻ പ്രതാപച്ചനോട് പറയുമായിരുന്നു: "ദേ, മാലാഖമാരും വിശുദ്ധരുമെല്ലാം വന്ന് എന്നെ അവരുടെ കൂടെപോകുവാൻ വിളിക്കുന്നുവെന്ന്."

പരിശുദ്ധ മാതാവിനോടു അങ്ങേയറ്റം വണക്കവും, ഭക്തിയുമായിരുന്നു വിനീതച്ചന്. എവിടെപോകുമ്പോഴും മാതാവിനു തന്നെ ഭരമേല്പിച്ചുകൊണ്ടാണ് അച്ചൻ പോകുന്നത്. ഒരിക്കൽ വിനീതച്ചൻെറ സഹോദരൻ തോമസ്ചേട്ടനും കുടുംബവും ആശ്രമത്തിൽ വന്ന് താമസിച്ചു. രണ്ടു ദിവസം കഴിഞ്ഞ് അവർ തിരിച്ചുപോകുമ്പോൾ വിനീതച്ചനും മോളിചേച്ചിയും കൂടെ അവരുടെ വണ്ടിയിൽ സിറ്റിവരേക്കും പോയി. തോട്ടത്തിലേക്കു ആവശ്യമായ ചില സാധനങ്ങൾ Indo-America കടയിൽ നിന്നുവാങ്ങി അച്ചനും മോളിചേച്ചിയും ധർമ്മാരാമിൽ വന്നു. തോമസ് ചേട്ടനും കുടുംബവും നാട്ടിലേക്കു തിരിച്ചു പോയി. അന്നാളുകളിൽ മൊബൈൽ ഫോൺ പ്രചാരത്തിലുണ്ടായിരുന്നില്ല. ആശ്രമത്തിൽ "പേജർ" എന്ന ഒരു സാധനം മാത്രമേ സന്ദേശങ്ങൾ സ്വീകരിക്കുവാനായി ഉണ്ടായിരുന്നുള്ളൂ. വിനീതച്ചൻ ധർമ്മാരാമിൽ നിന്ന് പുറപ്പെടുന്നതിനു മുമ്പ് പേജറിൽ സന്ദേശമിട്ടു. ഞങ്ങൾ പുറപ്പെടുകയാണ് ബണ്ണാർക്കട്ടിയിൽ വന്ന് ഞങ്ങളെ പിക്ക് ചെയ്യണമെന്ന്. അതിനു ശേഷം അവർ ബസ് കയറി യാത്ര തുടങ്ങി. എന്നാൽ നിർഭാഗ്യവശാൽ ആസന്ദേശം പേജറിൽ എനിക്കു കിട്ടിയില്ല. അതുകൊണ്ട് ജീപ്പും കൊണ്ട് അവരെ കൊണ്ടുവരാൻ പോയതുമില്ല. ബണ്ണാർക്കാട്ട് ബസ് ഇറങ്ങിയ വിനീതച്ചനും മോളിചേച്ചിയും ആശ്രമത്തിൻെറ വണ്ടി കാണായ്കയാൽ നടക്കാൻ തീരുമാനിച്ചു. വഴിയിൽ വെച്ച് വണ്ടി കാണുകയാണെങ്കിൽ കയറാമെന്ന ചിന്തയോടെ, സന്ധ്യാസമയമായിരുന്നു. നടന്ന് ഏകദേശം ഒരു കിലോമീറ്റർ കഴിയുമ്പോൾ നാഷണൽ പാർക്കിൻെറ ഗേറ്റും യൂക്കാലിമരങ്ങൾ നിറഞ്ഞുനില്ക്കുന്ന കാടുമുണ്ട്. അവിടെ



എത്തിയപ്പോൾ അവർക്കു മുമ്പേ നടന്നു നീങ്ങിയിരുന്ന രണ്ടു ചെറുപ്പക്കാർ അച്ചനെ പിടികൂടി തോളിൽ കിടന്നിരുന്ന ബാഗ് പിടിച്ചുപറിക്കുവാൻ ശ്രമിച്ചു. എന്നാൽ അച്ചൻ വിട്ടുകൊടുത്തില്ല. ബാഗ് നിറയെ പണമാണെ ന്നാണ് അവർ കരുതിയത്. എന്നാൽ ബാഗിനകത്ത് മാതാവിൻെറ ഒരു രൂപമല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. കവർച്ചക്കാരായ രണ്ടു ചെറുപ്പക്കാർ അച്ചനെ മാറിമാറി അടിക്കാൻ ശ്രമിച്ചു. എന്നാൽ ഒരു അടിപോലും അച്ചൻെറ ദേഹത്ത് കൊണ്ടില്ല. കരാട്ടെ പഠിച്ചവനെപ്പോലെ അതിവിദഗ്ധമായി അച്ചൻ എല്ലാം തടഞ്ഞു. അപ്പോൾ ഒരുവൻ കഠാരയെടുത്ത് അച്ചനെ കുത്താൻ ശ്രമിച്ചു. എന്നാൽ അച്ചൻ അതും പിടിച്ച് സ്വന്തം കൈക്കലാക്കി. ഇത് കണ്ടുനിന്ന മോളിചേച്ചി ഉറക്കെ നിലവിളിക്കുന്നത് കേട്ട് ആ വഴിയേ വന്ന ഒരു മോട്ടോർസൈക്കിൾ യാത്രികൻ ലൈറ്റിട്ടപ്പോൾ കള്ളന്മാർ രണ്ടുപേരും കാട്ടിലേക്കു ഓടി മറഞ്ഞു.



ഭയത്തോടും, വിറയലോടും കൂടെ ഗ്രാമവാസികളോടുചേർന്ന് നടന്നു വന്ന അച്ചൻ എന്നോടു എന്തേ വണ്ടി കൊണ്ടുവന്നില്ല എന്ന് ചോദിച്ചു. അച്ചൻെറ സന്ദേശം പേജറിൽ കിട്ടിയില്ലെന്ന് ഞാൻ മറുപടി പറഞ്ഞു. വഴിയിൽ വെച്ചുണ്ടായ കഥകൾ കേട്ടപ്പോൾ ഞാൻ ചോദിച്ചു, അച്ചന് ഇത് എങ്ങിനെ സാധിച്ചു. ബാഗ് വിട്ടുകൊടുത്തില്ല. ദേഹോപദ്രവം ഒന്നുമേറ്റില്ല. കഠാരയും പിടിച്ചു വാങ്ങിയിരിക്കുന്നു. വിനീതച്ചൻ മറുപടി പറഞ്ഞു, “മാതാവേ, എന്നെ രക്ഷിക്കണമെ” എന്ന് പറഞ്ഞതുമാത്രമെ എനിക്കു ഓർമ്മയുള്ളൂ. പിന്നെ ആരൊക്കെയോ എന്നെ സംരക്ഷിക്കുകയായിരുന്നുവെന്ന്. അതേ, പരിശുദ്ധ അമ്മയുടെ ശക്തമായ കരങ്ങളിൽ വിനീതച്ചൻ സുരക്ഷിതനായിരുന്നു.

## 2. കരുതലിൻെറ മനുഷ്യൻ

ബാംഗളൂരിൽ ആശ്രമം തുടങ്ങിയ കാലം മുതൽ കാട്ടാനകളുടെ ശല്യം വളരെ ശക്തമായിരുന്നു. മിക്കവാറും ദിവസങ്ങളിൽ രണ്ടു മൂന്നു തവണ രാത്രിയിൽ ആനകൾ വരുമായിരുന്നു. വന്നു കഴിഞ്ഞാൽ വെച്ചിരിക്കുന്ന തെങ്ങും, വാഴയും മറ്റുവിളകളും നശിപ്പിച്ചിരുന്നു. ആന വരുമ്പോഴെല്ലാം ആശ്രമത്തിൽ വളർത്തിയിരുന്ന പട്ടികൾ കുരച്ച് ഞങ്ങളെ അറിയിക്കുമായിരുന്നു.വലിയൊരു ടോർച്ചും, പടക്കങ്ങളുമായി ആനയെ ഓടിക്കാൻ ഞാൻ പുറത്തിറങ്ങുമ്പോൾ വിനീതച്ചൻ തൻെറ മുറിയിൽ നിന്ന് ജനൽ വഴി എന്നോടുപറയുമായിരുന്നു, “അച്ചൻ ആനയെ ഓടിച്ച് തീരുന്നത് വരെ ഞാൻ കൊന്ത ചൊല്ലി പ്രാർത്ഥിച്ചുകൊണ്ടിരിക്കാം. ധൈര്യമായി പൊയ്കൊള്ളുക, ഒന്നും സംഭവിക്കില്ല. ഓടാൻ എനിക്കു സാധിക്കാത്തതുകൊണ്ട് ഞാൻ വരുന്നില്ല” എന്ന്: കരുതലിൻെറ മഹനീയ മാതൃക.



വിനീതച്ചന്റെ സഹോദരൻ തോമസ്ചേട്ടന്റെ മകൻ ആക്റ്റോയുടെ കല്ല്യാണത്തിനു ആശ്രമത്തിൻ നിന്ന് വിനീ തച്ചനും, ജോസ്ചേട്ടനും മോളിചേച്ചിയും ഞാനും പോയിരുന്നു. വിവാഹത്തിന്റെ തലേദിവസം അത്താഴം കഴിഞ്ഞ് കിടന്നത് വിനീതച്ചനും ഞാനും ഒരു മുറിയിലായിരുന്നു. കുറച്ചുനേരം സംസാരിച്ചതിനു ശേഷം നമുക്ക് ഉറങ്ങാമെന്ന് വിനീതച്ചൻ പറഞ്ഞു. പറഞ്ഞ് 5 മിനിറ്റിനകം വിനീതച്ചൻ ഉറങ്ങുകയും കൂർക്കം വലിക്കാനും തുടങ്ങി. കൂർക്കം വലിയുടെ സ്വരം നിമിത്തം എനിക്കു ഉറങ്ങാൻ കഴിഞ്ഞില്ല ഏതാനും മണിക്കൂറുകൾ തിരിഞ്ഞും മറിഞ്ഞും കിടന്നെങ്കിലും ഉറങ്ങാൻ സാധിച്ചില്ല. ഞാൻ എഴുന്നേറ്റ് മുറിയിലെ ഒരു കസേരയിൽ ഇരുന്നു. കുറെ സമയത്തിനുശേഷം അച്ചൻ കണ്ണു തുറന്നപ്പോൾ ഞാൻ കസേരയിൽ ഇരിക്കുന്നത് കണ്ട് ചോദിച്ചു: "എന്തേ ഉറങ്ങാതെ കസേരയിലിരിക്കുന്നതെന്ന്? അച്ചന്റെ കൂർക്കം വലികാരണം എനിക്കു ഉറങ്ങാൻ പറ്റുന്നില്ലാ" യെന്ന് മറുപടി പറഞ്ഞു. അപ്പോൾ അച്ചൻ പറഞ്ഞു, "സോറി, എന്നെ വിളിക്കാമായിരുന്നില്ലെ. സാരമില്ല; ഇനി ആൻേറാച്ചൻ കിടന്നുറങ്ങിക്കോ, ഞാൻ കസേരയിലിരുന്നു പ്രാർത്ഥിച്ചു കൊള്ളാം." ഇതാണ് വിനീതച്ചന്റെ എളിമയും കരുതലും. ഇതു പോലെ ഒരുപാട് സംഭവങ്ങളുണ്ട് പറയാൻ.

## 3. ക്ഷമിക്കുന്ന, മറക്കുന്ന വിനീതച്ചൻ

ആരൊക്കെ, എത്രയൊക്കെ അച്ചനെ വിമർശിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്താലും പ്രതികാരം ചെയ്യുക എന്നത് വിനീതച്ചന്റെ നിഘണ്ടുവിലില്ല. എത്ര വലിയ തെറ്റ് ചെയ്തവരോടും അച്ചന് ക്ഷമിക്കാൻ ഒരു ബുദ്ധിമുട്ടുമില്ല. തെറ്റു ചെയ്തവരോട് "ഏഴല്ല, എഴുപത് പ്രാവശ്യം" എന്ന ബൈബിൾ വാചകം വിനീതച്ചൻ അന്വർത്ഥമാക്കിയിരുന്നു. താൻ എന്തെങ്കിലും വീഴ്ച



വരുത്തിയെന്ന് അറിഞ്ഞാൽ ഒരു കുഞ്ഞിനെപ്പോലെ വന്ന് ക്ഷമ ചോദിക്കാനും അച്ചനു കഴിയുമായിരുന്നു.

ഒരിക്കൽ ജോലിക്കാരുമായി എന്തോ കാര്യത്തിന് ഞാൻ അവരോട് നീരസത്തോടെ സംസാരിക്കുകയും, അവരെ ശകാരിക്കുകയും ചെയ്തു. അതിന്റെ ഫലമായി എന്റെ മുഖത്തെ സന്തോഷം മറയുകയും, വിനീതച്ചനോടുപോലും സംസാരിക്കാതിരിക്കുകയും ചെയ്തു. വിഷമിച്ചിരിക്കുന്ന എന്റെ ഭാവം കണ്ടിട്ട് അച്ചൻ എന്റെ വാതില്ക്കൽ മുട്ടി, വാതിൽ തുറന്ന എന്നോടു അച്ചൻ ആദ്യം പറഞ്ഞത്, "എന്താ ആൻേറാച്ചാ, വിഷമിച്ചിരിക്കുന്നേ? ഞാൻ വാക്കുകൊണ്ടോ, പ്രവർത്തി കൊണ്ടോ അച്ചനെ വേദനിപ്പിച്ചുവോ? ഉണ്ടെങ്കിൽ ഞാൻ മാപ്പുചോദിക്കുന്നു. എന്നോടു





ക്ഷമിക്കുക. ഇങ്ങനെ മിണ്ടാതിരിക്കരുത്.” ഇത് കേട്ടപ്പോൾ ഞാൻ പറഞ്ഞു, അച്ചൻ എന്തെങ്കിലും ചെയ്തിട്ടോ, പറഞ്ഞിട്ടോ അല്ല. ജോലിക്കാരുമായുള്ള അഭിപ്രായ വ്യത്യാസംകൊണ്ട് സംഭവിച്ചതാണെന്ന്. എന്നിട്ട് ഞാൻ പറഞ്ഞു: “You are so great, Father.” അതിനു അച്ചന്റെ മറുപടി: “You are also great.”



ആശ്രമത്തിനു അദ്യകാലങ്ങളിൽ നല്ല വഴിയില്ലായിരുന്നു, വില്ലേജിനുള്ളിൽ കൂടെ ഒരു നടപ്പാതമാത്രമേ ഉണ്ടായിരുന്നുള്ളൂ. ആശ്രമത്തിനടുത്തുള്ള സിസ്റ്റേഴ്സ് നമ്മുടെ കുറച്ചു സ്ഥലം അവർക്ക് കൊടുത്താൽ വഴി ഉണ്ടാക്കാനുള്ള സ്ഥലം നമുക്ക് തരാമെന്ന് പറഞ്ഞു. വിനീതച്ചന്റെ സമയോചിതമായ ഇടപെടൽ നിമിത്തമാണ് കുറഞ്ഞ വിലയ്ക്ക് സിസ്റ്റേഴ്സിന് അവരുടെ സ്ഥലം വാങ്ങിക്കാൻ സാധിച്ചത്. അതിന്റെ പ്രത്യുപകാരം എന്ന നിലക്കാണ് അവർ ഈ വാഗ്ദാനം നടത്തിയത്. എന്തായാലും ഞങ്ങൾക്ക് ഒത്തിരി സന്തോഷം തോന്നി. എന്നാൽ ഏതാനും ആഴ്ചകൾക്കുള്ളിൽ അവർ പറഞ്ഞു: ‘ഞങ്ങൾക്ക് ആശ്രമത്തിന്റെ സ്ഥലമായിട്ട് വെച്ചുമാറാൻ താല്പര്യമില്ല. ഞങ്ങൾ വഴിക്കുവേണ്ടി നിങ്ങൾക്കു നല്കുന്ന സ്ഥലത്തിനുള്ള പണം നല്കിയാൽ മതിയെന്ന്. വിനീതച്ചൻ സമ്മതിച്ചു. എന്നാൽ ഉടനെ പണം തരാൻ കൈയ്യിൽ കാശില്ല. ഒരു മാസത്തിനുശേഷം ജർമ്മനിയിൽ പോകുന്നുണ്ട്. പോയിവന്നതിനുശേഷം പണം തരാം. സ്ഥലം രജിസ്റ്റർ ചെയ്യാമെന്ന് പറഞ്ഞു. സിസ്റ്റേഴ്സ് വളരെ സന്തോഷത്തോടെ ആ ആശയം സ്വീകരിക്കുകയും ചെയ്തു. സിസ്റ്റേഴ്സുമായി പങ്കുവെച്ച ആശയങ്ങൾ എന്നോടു പറഞ്ഞപ്പോൾ ഞാൻ പ്രതികരിച്ചു: ഈ പറഞ്ഞതു ഒരു എഗ്രിമെന്റ് എഴുതിവെക്കുന്നത് നല്ലതാണ്; പിന്നീട് ആരുടെ ഭാഗത്തുനിന്നും വാക്കുമാറാതിരിക്കാൻ അതു സഹായിക്കുമെന്ന്. എന്നാൽ വിനീതച്ചൻ എന്നെ തിരുത്തി: അച്ചന്റെ കാഴ്ചപ്പാട് ശരിയല്ല; നമ്മൾ അങ്ങനെ നൈയാമികമായി അതിനെ കാണരുത്. സ്നേഹബന്ധത്തിലാണ് ഇതെല്ലാം കാണേണ്ടതെന്നും, പരസ്പര വിശ്വാസം വേണമെന്നും എന്നെ ഓർമ്മപ്പെടുത്തി.

ഒരു മാസത്തിനുശേഷം വിനീതച്ചൻ ജർമ്മനിയിൽ പോയി. ഏകദേശം മൂന്നു നാല് ആഴ്ചയിലെ ധ്യാനിപ്പിക്കലും, ക്ലാസുകളും കഴിഞ്ഞ് അച്ചൻ ആശ്രമത്തിൽ തിരിച്ചെത്തി. എന്നാൽ അച്ചൻ വരുന്നതിനു മുമ്പേ സിസ്റ്റേഴ്സ് തരാമെന്ന് പറഞ്ഞ സ്ഥലത്ത് മതിൽ പണിതു. മതിൽ പണിതകാര്യം അച്ചനോടു പറഞ്ഞപ്പോൾ അത് താല്ക്കാലികമായി ആനവരാതിരിക്കാൻ കെട്ടിയതാകാമെന്നും ഞാൻ പണം കൊണ്ടുവന്നിട്ടുണ്ടെന്നറിയുമ്പോൾ തുറന്നു തരുമെന്ന് വിശ്വസിക്കുകയും ചെയ്തു.

വന്നതിൻെറ പിറ്റേദിവസം തന്നെ ജർമ്മനിയിൽ നിന്ന് കൊണ്ടുവന്ന സമ്മാനങ്ങളും, മധുരപലഹാരങ്ങളുമായി വിനീതച്ചൻ കോൺവെൻറിൽ പോയി. വഴി വാങ്ങാനുള്ള പണം സംഘടിപ്പിച്ചുവെന്ന് പറഞ്ഞു. എന്നാൽ സിസ്റ്റേഴ്സ് അവരുടെ തീരുമാനം മാറ്റിയ കാര്യം അച്ചനെ അറിയിച്ചു. ആശ്രമത്തിനു വഴിക്കുള്ള സ്ഥലം കൊടുത്താൽ അവരുടെ ഞ്ഞ്ഞ്ഞ്ഞ് (സ്വകാര്യത) ബാധിക്കുമെന്നും, അതിനാൽ സ്ഥലം കൊടുക്കേണ്ടതില്ലെന്നും തീരുമാനിച്ചുവെന്ന്; വളരെയധികം വേദന തോന്നിയെങ്കിലും വിനീതച്ചൻ അത് കാണിച്ചില്ല. അവരുടെ തീരുമാനത്തെ ബഹുമാനിക്കുകയും ചെയ്തു. ക്രിസ്തുമസ്സിൻെറ തലേദിവസമായി രുന്നതിനാൽ സിസ്റ്റേഴ്സ് വിനീതച്ചനോടു ആവശ്യപ്പെട്ടു അന്നത്തെ പാതിരാകുർബാന കോൺവെൻറിൽ വെച്ചു നടത്തുവാൻ. ആശ്രമത്തിലുള്ളവർ മഠത്തിൽ കുർബാനക്കുവരുവാൻ ആവശ്യപ്പെട്ടു. വിനീതച്ചൻ അതും സമ്മതിച്ചു തിരിച്ചുപോന്നു.

ആശ്രമത്തിൽ വന്ന് നടന്ന സംഭവങ്ങൾ വിനീതച്ചൻ എന്നോടു വിവരിച്ചു. ഞാൻ ചൂടായി സംസാരിച്ചു. വിനീതച്ചന് പ്രായോഗിക ബുദ്ധിയില്ലെന്നും കുറ്റപ്പെടുത്തി. കുർബാനയ്ക്കു ഞാൻ മഠത്തിൽ വരികയില്ലെന്നും ഉറപ്പിച്ചു പറഞ്ഞു. എന്നാൽ വിനീതച്ചൻെറ മറുപടി ശാന്തമായി എൻെറ ചങ്കിൽ കുത്തി: "ആൻേറാച്ചാ, അച്ചൻെറ വികാരം ഞാൻ മനസ്സിലാക്കുന്നു. പക്ഷേ, അവരുടെ തീരുമാനത്തെ നമ്മൾ ബഹുമാനിക്കേണ്ടേ? അവരുടെ ഭാഗത്തു നിന്നുകൂടെ നാം ചിന്തിക്കണം, പ്രതികാരം ചെയ്താൽ അവരും നാമും തമ്മിൽ എന്തു വ്യത്യാസം. നാളെ ക്രിസ്തുമസ്സാണ്. സ്നേഹത്തിൻെറയും, സമാധാനത്തിൻെറയും സന്ദേശമാണ് ക്രിസ്തുവിൻെറ ജനനം നമുക്കു നല്കുന്ന സന്ദേശം." സന്യാസവൈദികരായ നമുക്കു ക്ഷമിക്കാൻ സാധിക്കണമെന്ന ഒരു സാരോപദേശവും കൂടി എനിക്കു നല്കി.

## 4. നിഷ്ക്കളങ്കനും, സത്യസന്ധനുമായ വിനീതച്ചൻ

വിനീതച്ചൻെറ മുഖമുദ്രയായിരുന്നു നിഷ്ക്കളങ്കതയും സത്യസന്ധതയും. ആപൽഘട്ടത്തിൽപോലും കാര്യസാധ്യത്തിനായി അച്ചൻ നുണ പറയുകയോ, മറ്റുള്ളവരെ പറയാൻ പ്രേരിപ്പിക്കുക



യോ ചെയ്തിരുന്നില്ല. "സത്യം വദ: ധർമ്മം ചര" എന്നതായിരുന്നു വിനീതച്ചൻെറ തത്വം. ചെയ്യാത്തത് ചെയ്തുവെന്ന് വരുത്തിതീർക്കുകയോ, മറ്റുള്ളവരുടെ കൈയ്യടി കിട്ടാനോ ശ്രമിച്ചിരുന്നില്ല. മുഖമൂടിയില്ലാത്ത, ദ്വയാർത്ഥങ്ങൾ ഉപയോഗിക്കാത്ത യഥാർത്ഥ സന്യാസവര്യൻ. നേരെ വാ നേരെ പോ എന്നതാണ് അച്ചൻെറ ശൈലി.

ഒരിക്കൽ വില്ലേജിലെ ഒരു പറ്റം ആടുകൾ ആശ്രമത്തിൽ കയറി പുല്ല് തിന്നുന്നതിനോടൊപ്പം കൃഷി ചെയ്തിരുന്ന വിളകളും തിന്നുവാൻ തുടങ്ങി. ആശ്രമത്തിലെ നായ കൂടിനു വെളിയിലായിരുന്നതുകൊണ്ട് ആടുകളെ ഓടിപ്പിക്കുകയും, ഒരെണ്ണത്തിനെ കടിച്ചു കൊല്ലുകയും ചെയ്തു. ഉച്ചഭക്ഷണത്തിനായി പുറത്തുവന്ന ഞങ്ങൾ നായ കടിച്ച് ചത്തുകിടക്കുന്ന ആടിനെ കണ്ടു. വില്ലേജുകാർ അറിഞ്ഞാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തിനെ ഓർത്തപ്പോൾ ചത്ത ആടിനെ കുഴിച്ചിടുവാനും തീരുമാനിച്ചു. എന്നാൽ ആടിൻെറ ഉടമസ്ഥനോട് ഉണ്ടായ കാര്യം പറയാമെന്ന് വിനീതച്ചൻ പറഞ്ഞു. എന്നാൽ ഞങ്ങളുടെ നിർബ്ബന്ധത്തിന് വഴങ്ങി ഒന്നും പറയേണ്ടെന്ന് തീരുമാനിച്ചു. ഉച്ചതിരിഞ്ഞ് കാപ്പി കുടിക്കുവാൻ ഞങ്ങൾ പുറത്തിറങ്ങിയപ്പോൾ ആടിൻെറ ഉടമസ്ഥൻ കാണാതായ ആടിനെ തിരക്കി ആശ്രമത്തിലെത്തി. അദ്ദേഹത്തെ കണ്ടമാത്രയിൽ വിനീതച്ചൻ മലയാളത്തിൽ ചോദിച്ചു: ചത്ത ആടിനെ അന്വേഷിച്ചു വന്നതാണോയെന്ന്. ഉടനെ ഞങ്ങൾ വിനീതച്ചാ എന്ന് ഇരുത്തി വിളിച്ചു. വിനീതച്ചൻ പറഞ്ഞ മലയാളം മനസ്സിലാകാതിരുന്നതുകൊണ്ട് ഞങ്ങൾ കന്നടയിൽ ആശയം അല്പം മാറ്റി പറഞ്ഞു. എന്തിനാണ് ഇവിടെ വന്നതെന്നാണ് അച്ചൻ ചോദിച്ചതെന്ന്. കുറച്ചുനേരത്തെ അന്വേഷണത്തിനുശേഷം അദ്ദേഹം തിരിച്ചുപോയി. എന്നാൽ വിനീതച്ചൻ ഞങ്ങളോടു പറഞ്ഞു; പാവങ്ങൾ എത്രമാത്രം കഷ്ടപ്പെട്ടിട്ടാണ് ജീവിക്കുന്നത്. ആടിനെയും, മാടിനെയുമെല്ലാം വളർത്തികിട്ടുന്ന തുച്ഛമായ വരുമാനമാണ് അവർക്കുള്ളത്. അതുകൊണ്ട് നമ്മൾ ചെയ്തത് ശരിയല്ല, അനീതിയാണ്. മാത്രവുമല്ല, സത്യം മറച്ചുവെച്ചു. ആശ്രമാംഗങ്ങളും സന്യാസികളുമായ നമ്മിൽ നിന്ന് ഇത്തരം പ്രവർത്തികൾ ഉണ്ടാകാൻ ഉദ്ദേശിക്കുന്നില്ല. വിനീതച്ചൻെറ സത്യസന്ധതക്കു വേറെ ഉദാഹരണം ആവശ്യമില്ല.



വിനീതച്ചാ, അങ്ങ് ഞങ്ങളിൽ നിന്ന് വിടപറയുമ്പോൾ ഒരുപാട് വേദനയുണ്ട്, ജീവിതം കൊണ്ടും, മാതൃക കൊണ്ടും അങ്ങ് ഞങ്ങൾക്ക് പ്രചോദനമായിരുന്നു. സ്വർഗ്ഗത്തിലിരുന്നു കൊണ്ട് ഞങ്ങൾക്കു മാധ്യസ്ഥം വഹിക്കണമെ. ഏലീശ ഏലിയാ പ്രവാചകനോടു പറഞ്ഞതുപോലെ അച്ചൻെറ ഇരട്ടി ചൈതന്യം ഞങ്ങൾക്കു തരിക. അറിഞ്ഞുകൊണ്ടോ, അറിയാതെയോ എന്തെങ്കിലും വീഴ്ചകൾ ഞങ്ങളിൽനിന്നു വന്നുപോയിട്ടുണ്ടെങ്കിൽ ഞങ്ങളോടു ക്ഷമിക്കണമെ. അങ്ങു ചെയ്ത എല്ലാ നന്മകൾക്കും ഞങ്ങൾ നന്ദി പറയുന്നു. അങ്ങയുടെ ഈ അന്ത്യയാത്രയിൽ ഞങ്ങളുടെ എളിയ പ്രാർത്ഥനയുണ്ടായിരിക്കും. ദൈവം എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പിതാവിൻെറയും, പുത്രൻെറയും, പരിശുദ്ധാത്മാവിൻെറയും നാമത്തിൽ, ആമ്മേൻ.